# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P8/1811/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 27/12/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നമ്പർ: KSA/KKD/P8/1811/21 തീയ്യതി: 27/12/2021

## കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-01-2020 മുതൽ 06-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ജോയിന്റ് ഡയറക്ടർ (ഇൻ ചാർജ്ജ്) | 06-12-2021 | 17-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-12-2021 | 17-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

എം.കരുണാകരൻ (ഓഡിറ്റ് ഓഫീസർ)
എൻ. രാജീവൻ (സീ.ഗ്രേഡ് ഓഡിറ്റർ)
കെ.കെ.വിജേഷ് (ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജിത്ത്.കെ | പ്രസിഡന്റ് | 01-04-2019 | 16-12-2020 |
| പ്രജുകുമാർ.കെ.ടി | സെക്രട്ടറി | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിന്ധു.കെ.പി | സി.ഡി.പി.ഒ | 01-04-2019 | 31-07-2019 |

| | | | |
|---|---|---|---|
| ദീപ.കെ | സി.ഡി.പി.ഒ | 13-08-2019 | 31-03-2020 |
| അബ്ദുൾ അസീസ് | എസ്.സി.ഡി.ഒ | 01-04-2019 | 31-03-2020 |
| ഡോ.ജമീല | മെഡിക്കൽ ഓഫീസർ (സൂപ്രണ്ട്, താലൂക്ക് ആശുപത്രി ) | 01-04-2019 | 30-06-2019 |
| ഡോ.അനൂപ് ബാലഗോപാലൻ | മെഡിക്കൽ ഓഫീസർ (സൂപ്രണ്ട്, താലൂക്ക് ആശുപത്രി ) | 01-07-2019 | 31-03-2020 |
| ശ്രീസൻ .പി.എൻ | അ.എക്സി.എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| സുവീഷ്.ടി | അസി.എഞ്ചിനീയർ | 01-04-2019 | 24-09-2019 |
| ഹരീഷ്കുമാർ.കെ.പി | അസി. എഞ്ചിനീയർ | 25-09-2019 | 31-03-2020 |
| ബിന്ദു.എസ് | കൃഷി അസി.ഡയറക്ടർ | 01-04-2019 | 24-04-2019 |
| സുഷമ.കെ.പി | കൃഷി അസി.ഡയറക്ടർ | 25-04-2019 | 15-06-2019 |
| രേണു.പി | കൃഷി അസി.ഡയറക്ടർ | 15-06-2019 | 03-09-2019 |
| സീമ.ബി.ജെ | കൃഷി അസി.ഡയറക്ടർ | 07-09-2019 | 30-01-2020 |
| രേണു.പി | കൃഷി അസി.ഡയറക്ടർ | 01-02-2020 | 31-03-2020 |
| മുഹമ്മദ് നവാസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 28-06-2019 |
| സജിത.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 28-06-2019 | 31-03-2020 |
| പവിത്രൻ.എൻ | വ്യവസായ വികസന ഓഫീസർ | 01-04-2019 | 08-10-2019 |
| ബിന്ദു.എസ് | വ്യവസായ വികസന ഓഫീസർ | 09-10-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Vijesh K.K (Auditor, On 21-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Vijesh K.K (Auditor, On 14-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Vijesh K.K (Auditor, On 14-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ-<br>Written By: Vijesh K.K (Auditor, On 21-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 1-4-1 |
| 7 | ക്യാഷ് പരിശോധന<br>Written By: Vijesh K.K (Auditor, On 14-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 1-5 |
| 8 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 1-6 |
| 9 | ആഭ്യന്തരനിയന്ത്രണം.<br>Written By: M.Karunakaran (Audit Officer, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 1-7 |
| 10 | കുറ്റ്യാടി താലൂക്ക് ആശുപത്രി സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള വാർഡ് നിർമ്മാണ പ്രവൃത്തി അനിശ്ചിതമായി നീളുന്നു - കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല.<br>Written By: N. Rajeevan (Senior Grade Auditor, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 1-8 |
| 11 | സ്മാർട്ട് അങ്കണവാടി പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 1-9 |
| 12 | വയോജന സൗഹൃദ ബ്ലോക്ക് - പദ്ധതി മാർഗ്ഗരേഖ ലംഘിച്ച് നിർവ്വഹണം നടത്തി<br>Written By: N. Rajeevan (Senior Grade Auditor, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 1-10 |
| 13 | പൊതുമരാമത്ത് പദ്ധതികളുടെ ആസൂത്രണം നിർവ്വഹണം - പൊതു അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 1-11 |
| 14 | ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ നിന്നും മുറിച്ചുമാറ്റിയ മരങ്ങൾ നാളിതുവരെ ലേലം ചെയ്ത് മുതൽ കൂട്ടിയില്ല.<br>Written By: M.Karunakaran (Audit Officer, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 1-12 |
| 15 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് അടവാക്കിയ തുകക്ക് മുഴുവൻ ഉപകരണങ്ങളും ലഭ്യമായില്ല.<br>Written By: M.Karunakaran (Audit Officer, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 1-13 |
| 16 | വിവിധ പ്രൊജക്ടുകൾ പ്രകാരം കൈമാറിയ തുകയുടെവിനിയോഗവിവരം ലഭ്യമാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 1-14 |
| 17 | കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് റിവോൾവിംഗ് ഫണ്ടിനത്തിൽതുക കൈമാറി. -തുടർ വിവരങ്ങൾ ലഭ്യമായില്ല.<br>Written By: M.Karunakaran (Audit Officer, On 20-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 1-15 |
| 18 | എസ്.സി വിദ്ധ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് പദ്ധതി - അധികം തുക | 1-16 |

| | | |
|---|---|---|
| | അനുവദിച്ചു.<br>Written By: Vijesh K.K (Auditor, On 21-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| 1 | എസ്.സി വിദ്ധ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: M.Karunakaran (Audit Officer, On 23-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 3-1 |
| ഭാഗം 4 | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vijesh K.K (Auditor, On 14-12-2021)<br>Last Updated By: Vijesh K.K (Auditor, On 14-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: Vijesh K.K (Auditor, On 14-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Vijesh K.K (Auditor, On 18-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Vijesh K.K (Auditor, On 13-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 27-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബ്ലോക്ക്പഞ്ചായത്തിന്റെ ബജറ്റ് 15.2.19- ൽ കൂടിയ ഭരണസമിതിയുടെ അജണ്ട 1 തീരുമാനം (1)/193/2018-19 നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

1994ലെ കേരളപഞ്ചായത്ത് രാജ്നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പ് പ്രകാരമുള്ള വികസനപദ്ധതി ചെലവുൾപ്പെടെ അടുത്തവർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിരദ്ദേശങ്ങൾ ഓരോവർഷവും ജനവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾകൈകാര്യംചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം. എന്നാൽ സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കിസമർപ്പിച്ചതായികാണുന്നില്ല. മാത്രമല്ല വിശദമായ ബജറ്റ് നിർദ്ദേശങ്ങളടങ്ങിയ ഫയൽ പരിശോധനക്ക് ലഭ്യമായിട്ടുമില്ല. ഭരണസമിതി അംഗീകരിച്ചുനൽകിയ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും പഞ്ചായത്തിന്റെ യഥാർത്ഥവരവുചെലവുകളും തമ്മിൽ വൻ അന്തരം കാണുന്നു. . 15.2.19ൽ ഭരണ സമിതി അംഗീകരിച്ച ബജറ്റ് പ്രകാരം,സാമ്പത്തിക വർഷത്തെ വരവ് മുന്നിരിപ്പുൾപ്പെടെ 115038940 രൂപ രേഖപ്പെടുത്തിയപ്പോൾ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് 50892919രൂപ മാത്രമാണ്. അതേപോലെ ചെലവ് ബജറ്റ് പ്രകാരം 114614300 രൂപയും യഥാർത്ഥ ചെലവ് 40101345 രൂപയുമാണ് . ബ്ലോക്ക്പഞ്ചായത്തിന്റെ പ്രധാന വരവുകളിൽ തന്നെ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവും സ്ഥാപനത്തിന്റെ യഥാർത്ഥ വരവും തമ്മിൽ നല്ല വ്യത്യാസം കാണുന്നു. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് |
|---|---|---|
| വികസന ഫണ്ട് ജനറൽ | 42740000 | 26224401 |
| വികസന ഫണ്ട് .എസ്.സി.പി | 3446000 | 2265000 |
| പഞ്ചായത്ത് വിഹിതം | 14353600 | 120000 |

ബജറ്റ് തയ്യാറാക്കുമ്പോൾ ആയത് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാനുള്ള ശ്രമം ബ്ലോക്ക്പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടിയിരിക്കുന്നു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 15.06.2020 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു

1. വാർഷിക കണക്ക് പ്രകാരം വികസന ഫണ്ട് ജനറല് വരവ്/ചെലവ് 2,62,24,401/- രൂപയാണ്. എന്നാൽ എ.സി.ആർ ൽ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നത് 2,78,81,493/-രൂപയാണ്.

2. വാർഷിക കണക്കിലെ ബാലൻസ്ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ചർ പദ്ധതികളിൽ ചെലവഴിക്കാൻ ബാക്കിയുള്ളതായി ആകെ 8,47,227/-രൂപയാണ് കാണുന്നത്. എന്നാൽ ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂളിലെ ട്രഷറി സ്പെഷ്യൽ ടി.എസ്.പി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പായി 20,83,423/- രൂപ കാണുന്നു. വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

3. വാർഷിക കണക്കിലെ ബാലൻസ്ഷീറ്റ് B-7 പ്രകാരം 3,56,642/- രൂപ ഡെപ്പോസിറ്റായിട്ടുണ്ട്. എന്നാൽ ഇതിന് ഡെപ്പോസിറ്റ് രജിസ്റ്റർസൂക്ഷിക്കുന്നില്ല.

4. വാർഷിക കണക്കിലെ ബാലൻസ്ഷീറ്റ് B-18 പ്രകാരം 8,84,702/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്.എന്നാൽ ഇതിന് അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6.ഇൻകം & എക്സ്പെന്റിച്ചർ I-17 പ്രകാരം ആസ്തികൾക്ക് തൻ വർഷത്തേക്കുള്ള ഡിപ്രീസിയേഷൻ കണക്കാക്കിയത് ശരിയായ രീതിയിലല്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | 2018-19 (I-17 പ്രകാരം) | 2019-20 (I-17 പ്രകാരം) |
|---|---|---|
| Building | 136129 | 136129 |
| Seawerage & Drainage | 71138 | 71138 |
| Waterways | 217237 | ഉൾപ്പടുത്തിയിട്ടില്ല |
| Public Lighting | 186910 | ഉൾപ്പടുത്തിയിട്ടില്ല |
| Other Fixed Assets | 260862 | ഉൾപ്പടുത്തിയിട്ടില്ല |

7.ഡേ ബുക്കും ക്യാഷ് ബുക്കും ദിവസവും പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. കൂടാതെ രണ്ടോ അതിലധികമോ ദിവസങ്ങളിലെ വരവ് വന്ന ദിവസങ്ങളിലെ ക്യാഷ് ബുക്കുകൾ ഒരുമിച്ച് പ്രിന്റ് എടുത്തു വെയ്ക്കുന്നു. ഉദാ..01/05/2020 മുതൽ 29/02/2020 വരെ ക്യാഷ് ബുക്ക് ഒരുമിച്ച് പ്രിന്റ് എടുത്ത് സൂക്ഷിക്കുകയാണ് ചെയ്തത്.

8. എല്ലാ മാസങ്ങളിലും എല്ലാ അക്കൗണ്ടുകളുടെയും ബാങ്ക് റീക്കൺസിലിയേഷന് നടത്തി റീക്കൺസിലിയേഷൻ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത് ചെയ്തിട്ടില്ല.

9. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ട് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

10. ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടുന്ന ട്രഷറി അക്കൗണ്ടിൽ മറ്റ് വിവിധ വരവുകൾ ഉൾപ്പെടുന്നുണ്ട്. എന്നാൽ ഈ അക്കൗണ്ടിൽ 26.09.2017ൽ ലഭിച്ച ഫണ്ട് എന്ന് ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തി 100000/-രൂപ വരവ് കാണിച്ചിട്ടുണ്ട്. എന്നാൽ ഇത് ഏത് ഇനത്തിലെ വരവാണ് എന്ന് വ്യക്തമാക്കിയിട്ടില്ല.

11. ഇ ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14801303 |
| വരവ് | 36091609 |
| ആകെ | 50892912 |
| ചെലവ് | 40101345 |
| നീക്കിയിരിപ്പ് | 10791567 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 27881493 | 27881493 | 27881493 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 2265000 | 2265000 | 2265000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 470000 | 470000 | 470000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 1340838 | 1340838 | 1340838 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമ പഞ്ചായത്ത് | 3471082 | 0 | 3471082 | 1415137 | 2055945 |
| | ജില്ലാ പഞ്ചായത്ത് | 800000 | 0 | 800000 | 772527 | 27473 |
| ബി ഫണ്ട് | | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി അക്കൗണ്ട്) | | 3544575 | 4493000 | 8037575 | 3552573 | 4485002 |

### 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ-

2019-20 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം.തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ വികസനഫണ്ട് ജനറൽ പ്രകാരം 26224401/- രൂപ ചെലവ് രേഖപ്പെടുത്തിയപ്പോൾ യഥാർത്ഥ ചെലവ് എ.സി.ആർ പ്രകാരം 27881493/- രൂപയാണ്.

2)ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കേഷനും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ |
|---|---|---|
| വികസനഫണ്ട്-ജനറൽ ഉത്പാദനം | 23839147 | 12389147 |
| സേവനം | 222357874 | 31636799 |
| പശ്ചാത്തലം | 7512576 | 6208689 |
| വികസനഫണ്ട്-എസ്.സി.പി. സേവനം | 8994000 | 2446000 |
| വികസനഫണ്ട്-ടി.എസ്.പി. സേവനം | 1660000 | 720000 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്-സേവനം | 11075497 | 5799103 |

### 1-5 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-12-2021ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് ഇല്ലാത്തത് ബോധ്യപ്പെട്ടു.

### 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 72 | 37 | 2 | 33 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 72 പ്രൊജക്ടുകൾക്കാണ് സാമ്പത്തികവർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 33 പ്രൊജക്ടുകൾക്ക് മാത്രമാണ് സാമ്പത്തികവർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞത്. സാമ്പത്തിക വർഷം വിവിധ പ്രൊജക്ടുകൾക്കായി 104264356 രൂപ വകയിരുത്തിയതിൽ 32517305 രൂപ മാത്രമെ പ്രൊജക്ടുകൾക്കായി

വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്നകാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/മെയിന്റെനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട് മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവുവന്ന തുക | ലാപ്സായ തുക |
|---|---|---|---|
| മെയിന്റെനന്സ് ഗ്രാന്റ് നോൺ റോഡ് | 3722600 | 1340838 | 2381762 |
| വികസന ഫണ്ട് ജനറൽ | 42740000 | 27881493 | 14858507 |
| വികസന ഫണ്ട് -SCP | 3446000 | 2265000 | 1181000 |
| വികസന ഫണ്ട് -T.SP | 720000 | 470000 | 250000 |
| ആകെ - | 50628600 | 31957331 | 18671269 |

ഇതിൽ സാമ്പത്തിക വർഷംതന്നെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ച് പണമായി മാറ്റാൻ കഴിയാത്ത ക്യൂബിൽ തുക എത്രയാണെന്നകൃത്യമായകണക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. അസി.എഞ്ചിനീയർ, അസി.എക്സിഎഞ്ചിനീയർ, സെക്രട്ടറി എന്നിവരുടെത് മാത്രം ക്യൂബിൽ ആയ തുക 5449983 രൂപയാണ്. സാമ്പത്തിക വർഷത്തിൽ ലാപ്സായ 18671269 രൂപയിൽ അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കാത്തത് മൂലമുള്ള ഫണ്ട് നഷ്ടമാണ് പ്രധാനം . അസി.എഞ്ചിനീയർക്ക് ആകെ 14 പ്രൊജക്ടുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ കേവലം രണ്ട് പ്രൊജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ തുക ചെലവഴിക്കാൻ കഴിഞ്ഞത്. ഇതിന് പുറമെ 6 ബില്ലുകളിലായി വിവിധ ഫണ്ടിനങ്ങളിൽ 3024816രൂപ അസി.എഞ്ചിനീയർക്ക് മാത്രം ക്യൂബിൽ ആയിട്ടുണ്ട്. മറ്റ് നിർവഹണ ഉദ്യോഗസ്ഥരിൽ സി.ഡി.പി.ഒ, എസ്.സി.ഡി.ഒ.എന്നിവർ മാത്രമാണ് വകയിരുത്തിയ എല്ലാപ്രൊജക്ടുകൾക്കും തുക ചെലവഴിച്ചിരിക്കുന്നത്. മറ്റ് നിർവഹണ ഉദ്യോഗസ്ഥരാരും തന്നെ തങ്ങളുടെ പ്രൊജക്ടുകൾ പൂർണമായും നടപ്പിലാക്കിയിട്ടില്ല. സർക്കാറിന്റെ പ്രത്യേകാനുമതിയോടെ അംഗീകാരം ലഭിച്ച സ്കൂൾ സയിൻസ് ലാബ് എന്നപ്രൊജക്ട് നടപ്പിലാക്കാതെ ഉപേക്ഷിച്ചതായും കാണുന്നുണ്ട്

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉൾപ്പെടെയുള്ള വിവധ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ രൂപീകരണം, നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. പദ്ധതി രൂപീകരണ ശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രൊജക്ടുനിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകളിൽ ഭൂരിഭാഗവും യോഗമിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. ചില വർക്കിഗ് ഗ്രൂപ്പ് യോഗങ്ങളിൽ കൺവീനർമാരുടെ പങ്കാളിത്തം വളരെ കുറവാണ്. ഉദാ- മൃഗ സംരക്ഷണം, കൃഷി അനുബന്ധമേഖലകൾ. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗംചേർന്ന് യോഗമിനുട്സുകൾ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതും പ്രൊജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തിവരുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-7 ആഭ്യന്തരനിയന്ത്രണം.

ബ്ലോക്ക്പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ് . വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ബ്ലോക്ക്പഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ കൃത്യമായ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ

വിഭജിച്ചുനൽകിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. കാഷ്ബുക്ക് ഡേബുക്ക് എന്നിവ ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി ക്കാണുന്നില്ല. ബാങ്ക്, ട്രഷറി എകൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ ബ്ലോക്ക്പഞ്ചായത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററും കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടില്ല. മുൻകാല ഓഡിറ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഓഡിറ്റ് കാലയളവിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും ഉണ്ടായതായി കാണുന്നില്ല. 1999-2000 മുതൽ നിലവിലുള്ള 7 വർഷങ്ങളിലെ റിപ്പോർട്ടുകളിൽ ഇപ്പോഴും നടപടികൾ കൈകൊള്ളാനുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ ബ്ലോക്ക്പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച് ബജറ്റ് പ്രപോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചുനൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല.സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-8 കുറ്റ്യാടി താലൂക്ക് ആശുപത്രി സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള വാർഡ് നിർമ്മാണ പ്രവൃത്തി അനിശ്ചിതമായി നീളുന്നു - കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല.

ബ്ലോക്ക് പരിധിയിലെ ജനങ്ങൾ ആശ്രയിക്കുന്ന കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായി സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പ്രത്യേക വാർഡ് നിർമ്മിക്കുന്നതിനാണ് 2018-19 വർഷം 9998000/- രൂപ അടങ്കലിൽ മൂന്ന് നിലകളുള്ള കെട്ടിടം പണിയുന്നതിന് പദ്ധതി തയ്യാറാക്കിയത്. പദ്ധതി കരാർ എടുത്ത മുഹമ്മദ് ഫൈജാസ് 20.08.2019 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ഈ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല. മഴ, സാധനസാമഗ്രികളുടെ ക്ഷാമം എന്നിവ കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല എന്ന കരാറുകാരന്റെ വിശദീകരണത്തെ തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥനുമായി ഒരു സപ്ലിമെന്ററി കരാറിൽ ഏർപ്പെട്ടു. ഇത് പ്രകാരം 31.01.2020 ന് പണി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ഈ തിയ്യതിയിലും കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ചില്ല. 2019- 20ൽ സ്പിൽ ഓവർ ആയി തുടർന്ന പദ്ധതിയുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | എ.ഇ.ഇ |
| പ്രോജക്റ്റ് നം. | 53/20 |
| അടങ്കൽ | 8254001/- |
| ഫണ്ട് | വികസനം,തനത്,എം.ജി.(എൻ.ആർ) |
| ചെലവ് | 1088752/- |
| ബിൽനം,തിയ്യതി. | 1/19-20/21.05.19 |

2019-20 വർഷവും പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ 02.03.2020 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ 2/1 നമ്പർ തീരുമാനപ്രകാരം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും, സ്ഥാപനത്തിന് സംഭവിച്ച കഷ്ടനഷ്ടങ്ങൾക്ക് പരിഹാരം ഈടാക്കുന്നതിന് അസി.എക്സിക്യൂട്ടീവ് എഞ്ചിനിയറെ ചുമതലപ്പെടുത്തുകയുണ്ടായി. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഈ വിഷയത്തിൽ പരാമർശമുണ്ടായപ്പോൾ ഇതിന് നൽകിയ മറുപടിയിൽ കരാറുകാരനെതിരെ എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കുമെന്ന് ഉറപ്പു നൽകിയിരുന്നു. 25.08.2020 ലെ കരാറുകാരന്റെ അപേക്ഷയിൽ ഈ തിയ്യതിമുതൽ ആറ് മാസം വരെ പണിപൂർത്തിയാക്കുന്നതിന് സമയം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. 14.09.2020 ലെ ഭരണ സമിതിയുടെ 5(1) നമ്പർ തീരുമാനപ്രകാരം ഒരു മാസം കൂടി പ്രവൃത്തി പൂർത്തീകരിക്കാൻ സമയം ദീർഘിപ്പിച്ച് നൽകുന്നതിന് തീരുമാനിച്ചു. എന്നിട്ടും പ്രവൃത്തി

ആരംഭിക്കാത്തതിനാൽ, കരാറുകാരനെതിരെ നിയമ നടപടി സ്വീകരിക്കുമെന്ന് കാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ കത്തയച്ചതിനെ തുടർന്ന് പ്രവൃത്തി പുനരാരംഭിച്ചു

2020-21 വർഷവും തുടർന്ന പദ്ധതിക്ക് പ്രൊജക്ട് നം. 106/21 പ്രകാരം 7165249/- രൂപ വകയിരുത്തിയെങ്കിലും തുകയൊന്നും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി 14.12.2021 ന് ഓഡിറ്റ് ടീം താലൂക്ക് ആശുപത്രി സന്ദർശിക്കുകയുണ്ടായി. നിലവിൽ ഒന്നാം നിലയുടെ നിർമ്മാണത്തിനുള്ള പലക അടിക്കുന്ന പ്രവൃത്തിയാണ് നടന്നുകൊണ്ടിരിക്കുന്നത്. പ്രവൃത്തി തുടങ്ങി മൂന്ന് വർഷം കഴിഞ്ഞിട്ടും കെട്ടിടം പണി പകുതിപോലും പൂർത്തിയാകാത്ത അവസ്ഥയാണുള്ളത്. രോഗികളുടെ ബാഹുല്യവും,സ്ഥല പരിമിതിയും മൂലം പ്രയാസപ്പെടുന്ന ആശുപത്രിയിൽ സ്ത്രീകൾക്കും. ഇത് പരിഹരിക്കുന്നതിന് അടിയന്തിരമായി കെട്ടിടം പണിപൂർത്തീകരിക്കേണ്ടത് ആവശ്യമാണ്. കെട്ടിടം പണിയിലെ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/20-21/17.12.21) മറുപടി നൽകിയിട്ടില്ല. പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാത്ത പക്ഷം കരാറുകാരനെതിരെ പൊതുമരാമത്ത് മാന്വൽ 2116.1 പ്രകാരമുള്ളമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ കരാർ അവസാനിപ്പിക്കാവുന്നതും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് മറ്റ് നപടികൾ സ്വീകരിക്കാവുന്നതുമാണ്.

## 1-9 സ്മാർട്ട് അങ്കണവാടി പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

സ്മാർട്ട് അങ്കണവാടി എന്ന പദ്ധതിയിലുൾപ്പെടുത്തി വിവിധ അങ്കണവാടികൾക്ക് കമ്പ്യൂട്ടർ, കസേര, ഡസ്ക്,വേസ്റ്റ് ബിൻ, കർട്ടൻ, സ്പീക്കർ, സ്റ്റീൽ പാത്രങ്ങൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | സി.ഡി.പി.ഒ |
| പ്രോജക്ട് നം. | 65/20 |
| അടങ്കൽ | 2855273/- |
| ഫണ്ട് | വികസനം |
| ചെലവ് | 2799008/- |
| ബിൽനം,തിയ്യതി. | 4/20/14.05.19 |

പദ്ധതിയിൽ കമ്പ്യൂട്ടറുകൾ വാങ്ങിയിരിക്കുന്നത് കെൽട്രോണിൽ നിന്ന് സി.പി.ആർ.സി.എസ് മുഖേനയാണ്. സ്പീക്കർ,വേസ്റ്റ് ബിൻ,കർട്ടൻ എന്നിവ ക്വട്ടേഷൻ ക്ഷണിച്ചാണ് വാങ്ങിയത്. ഒരേ പദ്ധതിയിൽ ഉൾപ്പെട്ട വിവിധ സാധനങ്ങൾ വാങ്ങുന്നതിന് വ്യത്യസ്ത വാങ്ങൽ മാർഗ്ഗങ്ങളാണ് അവലംബിച്ചിരിക്കുന്നത്. ജി.ഒ (പി) നം.259/2010 /തസ്വഭവ. തി.08.11.2010 പ്രകാരമുള്ള പ്രൊക്വയർമെന്റ് മാന്വൽ പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ രീതിയാണ് സ്വീകരിക്കേണ്ടത്. എന്നാൽ ഈ പദ്ധതിയിൽ എല്ലാ സാധനങ്ങളും ടെൻഡർ രീതിയിലൂടെയല്ല വാങ്ങിയിരിക്കുന്നത്. സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനമെടുത്തതായി കാണുന്നില്ല.

ബ്ലോക്ക് പഞ്ചായത്ത് പ്രസിദ്ധീകരിച്ച സ്റ്റാറ്റസ് റിപ്പോർട്ടിൽ ബ്ലോക്കിൽ ആകെ 175 അങ്കണവാടികൾ ഉള്ളതിൽ സ്വന്തമായി കെട്ടിടമുള്ളത് 158 എണ്ണത്തിന് മാത്രമാണ്. ഇതിൽ ചുരുങ്ങിയ എണ്ണത്തിന് മാത്രമേ വൈദ്യുതി,കുടിവെള്ളം എന്നീ സൗകര്യങ്ങൾ ഉള്ളൂ എന്ന് പരാമർശിച്ചിട്ടുണ്ട്. കുടിവെള്ള സൗകര്യം ഇല്ലാത്ത 103 അങ്കണവാടികളും കുട്ടികൾക്കുള്ള കളിയുപകരണങ്ങൾ ഇല്ലാത്ത 65 അങ്കണവാടികളും ഉള്ളതായി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. അങ്കണവാടികളുടെ അടിസ്ഥാന, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താതെ കമ്പ്യൂട്ടർ പോലെയുള്ള വിലയേറിയ സാധനങ്ങൾ വാങ്ങി നൽകുന്നതിന്റെ സാംഗത്യം പരിശോധിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് ആക്ട് നാലാം പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ വിശദീകരിച്ചിട്ടുണ്ട്. ഇതിൽ സാമൂഹ്യക്ഷേമ മേഖലയിൽ ഐ.സി.ഡി.എസ് കൾ നടത്തുക എന്നത് മാത്രമാണ് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതല. അങ്കണവാടികൾ നടത്തുക എന്നത് ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയാണ്. ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടാത്ത കാര്യങ്ങൾക്ക് ഫണ്ട് ചെലവഴിക്കുന്നത് ശരിയായ നടപടിയല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/19-20/16.12.21) മറുപടി നൽകിയിട്ടില്ല. ഭാവിയിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെടാത്ത പദ്ധതികൾ നടപ്പാക്കുന്ന പ്രവണത നിയന്ത്രിക്കേണ്ടതാണ്.

1-10 വയോജന സൗഹൃദ ബ്ലോക്ക് - പദ്ധതി മാർഗ്ഗരേഖ ലംഘിച്ച് നിർവ്വഹണം നടത്തി

ബ്ലോക്ക് പഞ്ചായത്തിന്റെ വയോജന സൗഹൃദ കേന്ദ്രത്തിലേക്ക് മേശ,കസേര,അലമാര എന്നിവ വാങ്ങുന്നതിനാണ് ഈ പദ്ധതി നടപ്പാക്കിയത്.പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | സി.ഡി.പി.ഒ |
| പ്രോജക്ട് നം. | 24/20 |
| അടങ്കൽ | 250000/- |
| ഫണ്ട് | വികസനം |
| ചെലവ് | 247032/- |
| ബിൽനം,തിയ്യതി. | 08/20/13.03.20 |

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ച് മേശ,മുപ്പത് കസേര, മൂന്ന് അലമാര എന്നിവ വാങ്ങുന്നതിനാണ് പ്രൊജക്ട് നടപ്പാക്കിയത്. ഈ സാധനങ്ങൾ ഫിഡ്കോ എന്റർപ്രൈസസ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ടെൻഡർ മുഖേന വാങ്ങിയിട്ടുണ്ട്. ഇതിന് പുറമേ കാലിക്കറ്റ് എഡ്യൂമാർട്ടിൽ നിന്ന് 35000/- രൂപ വിലയുള്ള ട്രെഡ് മിൽ , 28210/- രൂപ വിലയുള്ള വിവിധ പുസ്തകങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്. ഇവ വാങ്ങിയിരിക്കുന്നത് ക്വട്ടേഷൻ മുഖേനയാണ്. ഈ വാങ്ങലുകൾ സംബന്ധിച്ച് പ്രൊക്വയർമെന്റ് കമ്മിറ്റിയിൽ തീരുമാനമെടുത്തതായി കാണുന്നില്ല. ഇതിന് പുറമേ ബ്ലോക്ക് വയോജന സൗഹൃദ കേന്ദ്രത്തിന്റെ ഉദ്ഘാടനത്തിനായി താഴെപറയുന്ന ഇനങ്ങൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. ഈ സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് പ്രൊജക്ടിൽ പരാമർശിച്ചിട്ടില്ല.

| ഇനം | തുക |
|---|---:|
| ലൈറ്റ് ആന്റ് സൗണ്ട് | 20900/- |
| ഭക്ഷണം | 24450/- |
| ഐറ്റംസ് | 1550/- |
| വർക്ക് ചാർജ് | 1800/- |
| ഫോട്ടോ | 1950/- |
| ബാനർ,സ്റ്റോൺ വർക്ക് | 3800/- |
| പുസ്തകങ്ങൾ വാങ്ങിയത് ( മാതൃഭൂമി ബുക്സ് കോഴിക്കാട്) | 11988/- |
| ആകെ | 66438/- |

സ.ഉ (കൈ) നം.22/2018/തസ്വഭവ/ തി.14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ- 8-4ൽ ഉൽപ്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ,ക്യാമ്പുകൾ, സമ്മേളനങ്ങൾ എന്നിവ വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെയാണ് മേൽ സൂചിപ്പിച്ച ചെലവുകൾ നടത്തിയിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/19-20/16.12.21) മറുപടി നൽകിയിട്ടില്ല. മർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ ലംഘിച്ച് നിർവ്വഹണം നടത്തിയതിനാൽ, ചെലവ് തുക 66438/- രൂപ

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവിന് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്.

1-11 പൊതുമരാമത്ത് പദ്ധതികളുടെ ആസൂത്രണം നിർവ്വഹണം - പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 2019 – 20 സാമ്പത്തികവർഷം അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ ആകെ 14 പ്രവൃത്തികളിൽ 10 എണ്ണത്തിന് തൻവർഷം തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതികൾക്കായി ആകെ വകയിരുത്തിയ 2,73,72,390/- രൂപയിൽ 81,44,998/- രൂപ മാത്രമാണ് ചെലവഴിച്ചത്. വകയിരുത്തിയതിൽ 30 ശതമാനം തുക മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. അസി.എഞ്ചിനിയർക്ക് 2019-20ൽ ആകെ 14 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത് ഇതിൽ രണ്ട് പദ്ധതികളാണ് നിർവ്വഹണം നടത്തിയത് ആകെ 76,98,352/- രൂപ വകയിരുത്തിയതിൽ 4,10,206/-രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. ഓരോ വർഷവും അംഗീകാരം നൽകുന്ന പുതിയ പദ്ധതികൾ തൻവർഷം നടപ്പാകാതെ അടുത്ത വർഷത്തേക്ക് സ്പിൽ ഓവർ ആകുന്ന പ്രവണത തുടർച്ചയായി കാണുന്നു. ഇത് കാരണം ഗ്രാമപഞ്ചായത്തിന് ഗണ്യമായ തോതിൽ ഫണ്ട് നഷ്ടമുണ്ടാവുന്നു,മാത്രമല്ല പൊതുമരാമത്ത് മേഖലയിലെ വികസനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

2) കേരള പഞ്ചായത്ത് രാജ് ആക്ട് നാലാം പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാ ചുമതലകളെപ്പറ്റി വിശദീകരിക്കുന്നുണ്ട്. ഒന്നിലേറെ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ പ്രവൃത്തിയും,കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ പരിപാലനവുമാണ് ഈ വിഭാഗത്തിലെ പ്രധാന ചുമതലകൾ. എന്നാൽ ഒന്നിലേറെ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ ഒരു പ്രവൃത്തിപോലും ഓഡിറ്റ് വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയിട്ടില്ല.

3) പൊതുമരാമത്ത് മേഖലയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല. റിപ്പോർട്ടിൽ മേഖലയിലെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഗ്രാമ പഞ്ചായത്തിലെ പൊതുമരാമത്ത് മേഖലയിലെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കേണ്ടതും, ഇതിൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതികൾ നിർവ്വഹണം നടത്തേണ്ടതുമാണെന്ന നിർദ്ദേശം പാലിക്കാൻ ശ്രദ്ധിച്ചിട്ടില്ല.

4) ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ ചുമതലകളിൽപ്പെടാത്ത അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനം എന്ന പദ്ധതി ഓഡിറ്റ് വർഷങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ നിർവ്വഹണത്തിനായി ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് വിഹിതം വാങ്ങിയതായി കാണുന്നു. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ സംയുക്ത പദ്ധതികളുടെ നിർഹണത്തിൽ പാലിക്കേണ്ട വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല.

5) ഓഡിറ്റ് വർഷങ്ങളിൽ ചെക്ക് ഡാമുകളുടെ പ്രവൃത്തി ഏറ്റെടുക്കുന്ന പ്രവണത കാണുന്നു. 2019 -20 ൽ 3 ചെക്ക് ഡാമുകളും, 2020-21 ൽ 2 ചെക്ക് ഡാമുകളുടെയും പ്രവൃത്തി ഏറ്റെടുത്തതായി കാണുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് പാരിസ്ഥിതിക ആഘാത പഠനം നടത്തിയതായി കാണുന്നില്ല

6) സ.ഉ.(കൈ) നം.11/2018/തസ്വഭവ. തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3.5.6 ൽ ബ്ലോക്ക് പഞ്ചായത്തുകൾ അഞ്ച് ലക്ഷം രൂപയിൽ കുറവുള്ള പദ്ധതികൾ ഏറ്റെടുക്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷങ്ങളിൽ ഈ നിബന്ധന പൂർണ്ണമായും പാലിച്ചതായി കാണുന്നില്ല.

7) ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

8) പ്രൊജക്ട് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ, ടെണ്ടർ നോട്ടീസ് കോപ്പി, പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപ്പിച്ചതിന്റെ രേഖ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

9) എഗ്രിമെന്റ് രജിസ്റ്ററിൽ പി.എ.സി.തുക, സെക്യൂരിറ്റി തുക, കോൺട്രാക്ടറുടെ ഒപ്പ്, പ്രവൃത്തി പൂർത്തിയാക്കിയ തിയ്യതി, എന്നി രേഖപ്പെടുത്തിയിട്ടില്ല.

10) ഓരോ മരാമത്ത് പ്രവൃത്തിയും പൂർത്തിയായതിന് ശേഷം ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി സൈറ്റ് സന്ദർശിച്ച് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഭരണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ തയ്യാറാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/19-20/17.12.21) മറുപടി നൽകിയിട്ടില്ല.

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ താഴെ സൂചിപ്പിച്ച കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1) റോഡ് പ്രവൃത്തികളിൽ കുറഞ്ഞ തുകയുള്ള അടങ്കലിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കി പ്രധാന റോഡുകൾ പൂർണ്ണമായും ടാർചെയ്യുന്നതിനുള്ള പദ്ധതികൾക്ക് മുൻഗണന നൽകുക.

2) ഓരോ വർഷത്തെ പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കുക. പദ്ധതി നിർവ്വഹണ കലണ്ടർ കൃത്യമായി പാലിക്കുന്നുണ്ടെന്ന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തുക

3) മേഖലയിലെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കുക. സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിച്ച പദ്ധതികൾ മുൻഗണനാ ക്രമത്തിൽ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

4) ടെണ്ടറുകളിലെ മത്സരസ്വഭാവം ഉറപ്പുവരുത്തുന്നതിനും, പ്രവൃത്തികളിലെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുമായി പരമാവധി പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന നടപ്പാക്കുക.

5) പദ്ധതി പ്രവർത്തനങ്ങളിൽ ഗ്രാമസഭ, വർക്കിംഗ്ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ഭരണസമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

6) പൂർത്തിയാക്കുന്ന ഓരോ പദ്ധതിയും വിശദമായി മോണിറ്ററിംഗ് നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

1-12 ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ നിന്നും മുറിച്ചുമാറ്റിയ മരങ്ങൾ നാളിതുവരെ ലേലം ചെയ്ത് മുതൽ കൂട്ടിയില്ല.

പഞ്ചായത്ത് ഭരണസമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ താലൂക്ക് ആശുപത്രി കുറ്റ്യാടി,ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പരിസരത്ത് കാലവർഷക്കെടുതിയിൽ മറിഞ്ഞുവീണ മരം,വനിതാ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തെ മുറിച്ചുമാറ്റിയ മരം എന്നിവ ലേലം ചെയ്ത് മുതൽ കൂട്ടുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. (ഭരണസമിതിയുടെ 25.4.19, 22.7.19, 6.11.19 തിയ്യതികളിലെ യോഗതീരുമാനങ്ങൾ കാണുക).മരങ്ങൾ മുറിച്ചുമാറ്റുന്നതിന് വിവിധ വൗച്ചറുകള് പ്രകാരം ബ്ലോക്ക് പഞ്ചായത്തുഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കുറ്റ്യാടി താലൂക്ക് ആശുപത്രി കോമ്പൗണ്ടിൽ മുറിച്ചിട്ട മരങ്ങൾ ലേലം ചെയ്ത് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയതിന്റെ വിവരം മാത്രമെ പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളൂ. ബ്ലോക്ക് പഞ്ചായത്ത് പരിസരത്തുനിന്നും വിവിധ ആവശ്യങ്ങൾക്കായി മുറിച്ചുമാറ്റിയ മരങ്ങളും, കാലവർഷക്കെടുതിയിൽ വീണ മരങ്ങളും ലേലം ചെയ്ത് കൈയൊഴിഞ്ഞതായി കാണുന്നില്ല. മേൽ മരങ്ങൾ ലേലം ചെയ്യാൻ കൈകൊണ്ട നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ തനത് ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തങ്ങളുടെ ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ വന്ന വീഴ്ചയാണ് അപാകതക്ക് കാരണമായത്. മുറിച്ചുമാറ്റിയ മരങ്ങൾ ലേലം ചെയ്ത് ബ്ലോക്ക്പഞ്ചായത്തുഫണ്ടിൽ മുതൽ കൂട്ടി അപാകത പരിഹരിക്കാവുന്നതാണ്.

1-13 ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് അടവാക്കിയ തുകക്ക് മുഴുവൻ ഉപകരണങ്ങളും ലഭ്യമായില്ല.

ബ്ലോക്ക് പഞ്ചായത്തിൽ സൂചിക സോഫ്റ്റ് വെയർ പൂർണ സജ്ജമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 5.10.2019ലെ 1/8 നമ്പർ തീരുമാന പ്രകാരം മൂന്ന് ഡസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ, ഒരു ഹൈസ്പീഡ് സ്കാനർ, ഒരു ലേസർ പ്രിന്റർ എന്നിവ വാങ്ങുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മേൽ ഉപകരണങ്ങളുടെ വിലയായി 122521 രൂപ ചെക്ക് നമ്പർ 2546216 തി 25.11.19 പ്രകാരം പിൻവലിച്ച് കെൽട്രോൺ ലഭ്യമാക്കിയ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിൽ അടവാക്കിയിട്ടുണ്ട്. ആയതിൽ ഹൈ സ്പീഡ് സ്കാനർ, കമ്പ്യൂട്ടറുകൾ എന്നിവ 30.6.2020, 24.9.20 തിയ്യതികളിൽ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ലഭ്യമാവുകയും ആയത് സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലേസർ പ്രിന്റർ വിലയിനത്തിൽ 10176 രൂപ അടവാക്കിയിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമായതായി കാണുന്നില്ല.ലേസർ പ്രിന്റർ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ കാഷ് ബിൽ,സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കാ നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പണമടവാക്കി വർഷങ്ങൾ കഴിഞ്ഞിട്ടുംപ്രിന്റർ ലഭ്യമാവാതിരുന്നിട്ടും ആയത് ലഭ്യമാകുന്നതിന് ആവശ്യമായ നടപടികളൊന്നും ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായതായി കാണുന്നില്ല. ബന്ധപ്പെട്ട സെക്ഷൻ, മേൽനോട്ട ചുമതലയുള്ള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മുതലായവർക്കുണ്ടായ വീഴ്ചയാണ് അപാകതക്ക് കാരണമായത്. കെൽട്രോണിൽ നിന്നും ലേസർ പ്രിന്റർ ലഭ്യമാക്കി അപാകത പരിഹരിക്കാവുന്നതാണ്. ആയതിന്റെ ചെലവുതുക 10176 രൂപ തടസ്സത്തിൽ വെക്കുന്നു.

1-14 വിവിധ പ്രൊജക്ടുകൾ പ്രകാരം കൈമാറിയ തുകയുടെവിനിയോഗവിവരം ലഭ്യമാക്കിയില്ല.

2019-20 സാമ്പത്തികവർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മുഖേന നിർവഹിച്ച വിവിധ പ്രൊജക്ടുകളുടെ നിർവഹണത്തിനായി ബ്ലോക്ക് പരിധിയിലുള്ള വിവിധ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ഇത്തരത്തിൽ കൈമാറിയ തുകകളുടെ വിനിയോഗവിവരം നാളിതുവരെ ലഭ്യമാക്കിയില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | ചെലവുതുക | കൈമാറിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 5/20 ലൈഫ് ഭവനപദ്ധതി പി.എം.എ.വൈ.വിഹിതം | 7608000 | വിവിധ ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോ ക്താക്കൾ | ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കളുടെ എകൗണ്ടുകളിലേക്ക് തുക കൈമാറിയതായി അറിയിച്ചു. വിശദവിവരം ലഭ്യമല്ല. |
| 59/19-20-പെയിൻ&പാലിയേറ്റീവ് പഞ്ചായത്തു വിഹിതം നൽകൽ | 600000 | വിവിധ ഗ്രാമപഞ്ചായത്ത് സെക്രട്ട റി മാർ | കുറ്റ്യാടി,നരിപ്പറ്റ, മരുതോങ്കര, കുന്നുമ്മൽ, ഗ്രാമപഞ്ചായത്തുസെക്രട്ടറിമാർക്ക് കൈമാറിയ ഒരുലക്ഷം രൂപ വീതവും , കാവിലുംപാറ ഗ്രാമപഞ്ചായത്തു സെക്രട്ടറിക്ക് കൈമാറിയ 2 ലക്ഷം രൂപ യുടെയും വിനിയോഗവിവരം ലഭ്യമല്ല |
| 50/19-20.സമഗ്ര കാർഷിക ജൈവഗ്രാമം നരിപ്പറ്റ ഗ്രാമപഞ്ചായത്ത് വിഹിതം | 200000 | സെക്രട്ടറി നരിപ്പറ്റ ഗ്രാമ പഞ്ചായത്ത് | ബിൽ നമ്പർ 29/27.1.2020 പ്രകാരം കൈമാറിയ തുക |
| ആകെതുക | 8408000 | | |

മേൽ തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-15 കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് റിവോൾവിംഗ് ഫണ്ടിനത്തിൽതുക കൈമാറി. -തുടർ വിവരങ്ങൾ ലഭ്യമായില്ല.

പ്രൊജക്റ്റ് നമ്പർ- 75/20

വകയിരുത്തിയ തുക- 500000

ചെലവുതുക- 500000(ബിൽ നമ്പർ 26/19-20 തി 31.1.20)

കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ പരിധിയിൽ വരുന്ന കുന്നുമ്മൽ, തൂണേരി ബ്ലോക്ക് പഞ്ചായത്തുകളും അതിലുൾപ്പെടുന്ന 14 ഗ്രാമപഞ്ചായത്തുകളും ചേർന്ന് കാർഷിക മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ സംഭരണവും വിപണനവും നടത്തുന്നതിന് റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള മെൽ പ്രൊജക്റ്റ് പ്രകാരം കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തു വിഹിതമിനത്തിൽ 5 ലക്ഷം രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് പ്രസ്തുത കാര്യത്തിനായി കെ.ഡി.സി.ബാങ്ക്മെകേരി ശാഖയിൽ ആരംഭിച്ചിട്ടുള്ള എകൗണ്ടിലേക്ക് സെക്രട്ടറി കൈമാറിയിട്ടുണ്ട് .ത.സ്വ.ഭ.വ.432/19 തി 26.2.19 പ്രകാരം പ്രത്യേകാനുമതി ലഭിച്ച മേൽ പ്രൊജക്റ്റിന്റെ നടത്തിപ്പിന് ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പ്രത്യേക മോണിട്ടറിംഗ് സമിതി രൂപീകരിക്കുന്നതിനും റിവോൾവിംഗ് ഫണ്ടിന്റെ വിനിയോഗമുൾപ്പടെയുള്ള കാര്യങ്ങൾ മോണിട്ടറിംഗ് നടത്തേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. തുക കമ്പനിയുടെ പ്രസ്തുത ആവശ്യത്തിനുള്ള ബാങ്ക് എകൗണ്ടിലേക്ക് കൈമാറിയതല്ലാതെ പ്രൊജക്റ്റിന്റെ തുടർ പ്രവർത്തനങ്ങളോ, സർക്കാർ നിർദ്ദേശിച്ച പ്രകാരം മോണിട്ടറിംഗ് സമിതി രൂപീകരിച്ചതിന്റെ രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രൊജക്റ്റിൽ മുഖ്യവിഹിതം നൽകുന്ന ജില്ലാപഞ്ചായത്ത് സാമ്പത്തിക വർഷത്തിൽ പ്രൊജക്റ്റിന് തുകയൊന്നുംചെലവഴിച്ചുകാണുന്നില്ല. 2020.-21 സാമ്പത്തിക വർഷത്തിൽ 945/21 നമ്പർ പ്രൊജക്റ്റായി ആയതിന് തുക വകയിരുത്തിയിട്ടുണ്ട്. പ്രോജക്റ്റുപ്രകാരമുള്ള തുടർ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തി കൈമാറിയ തുക യഥാവിധി വിനിയോഗിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ഈടാക്കാൻ നടപടികൾ കൈകൊള്ളേണ്ടതാണ്.

1-16 എസ്.സി വിദ്ധ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് പദ്ധതി - അധികം തുക അനുവദിച്ചു.

പ്രോജക്റ്റ് നം - 18/20

പദ്ധതിയുടെ പേര്- പട്ടികജാതി വിഭാഗം വിദ്ധ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്

വകയിരുത്തിയ തുക – 795000/-

ചെലവഴിച്ച തുക - 795000/-

ഫണ്ട് - വികസന ഫണ്ട് (എസ്.സി.പി)

ബിൽ നം-1) 19170463010600549157 Dtd 05-09-19 , Bill Amount- 725000/-

2) 19170463010600574974 Dtd 17-09-19 , Bill Amount- 70000/-

= 795000/-

=======

മേൽ പദ്ധതി പ്രകാരം സ്കോളർഷിപ്പ് വിതരണം ചെയ്തതിൽ വിസ്മയ.കെ.ടി, കല്ലുള്ള തറ, ഊരത്ത്, കുറ്റ്യാടി എന്ന ഗുണഭോക്താവ് സമർപ്പിച്ച രേഖകൾ പ്രകാരം നാദാപുരം ഗവ.ആർസ് & സയൻസ് കോളേജിൽ ബി.കോം ഒന്നാം വർഷ വിദ്ധ്യാർത്ഥിയാണ്. സബ്സിഡി മാർഗ്ഗ രേഖ പ്രകാരം ഡിഗ്രി കോഴ്സുകൾക്ക് 20000/- രൂപയാണ് പരമാവധി സ്കോളർഷിപ്പ് അനുവദിക്കാൻ കഴിയുന്നത്. എന്നാൽ ഈ കുട്ടിയ്ക്ക് 30000/- രൂപ അനുവദിച്ചു. സ്കോളർഷിപ്പ് വിതരണം ചെയ്യുന്ന കുട്ടികളുടെ വിവരങ്ങളും കോഴ്സ് വിവരങ്ങളും അടങ്ങിയ രജിസ്റ്ററിൽ പി.ജി കോഴ്സ് പഠിക്കുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ പഞ്ചായത്ത് ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ നൽകിയതിന്റെ വിവരങ്ങളും പദ്ധതി മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 02/19-20 തീ13-12-21) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ ഗുണഭോക്തൃ വിഹിതം (10000/-) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്

.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 എസ്.സി വിദ്ധ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം - 18/20

പദ്ധതിയുടെ പേര്- പട്ടികജാതി വിഭാഗം വിദ്ധ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്

വകയിരുത്തിയ തുക – 795000/-

ചെലവഴിച്ച തുക - 795000/-

ഫണ്ട് - വികസന ഫണ്ട് (എസ്.സി.പി)

ബിൽ നം-1) 19170463010600549157 Dtd 05-09-19 , Bill Amount- 725000/-

2) 19170463010600574974 Dtd 17-09-19 , Bill Amount- 70000/-

= 795000/-

=======

മേൽ പദ്ധതി പ്രകാരം സ്കോളർഷിപ്പ് വിതരണം ചെയ്തതിൽ വിസ്മയ.കെ.ടി, കല്ലുള്ള തറ, ഊരത്ത്, കുറ്റ്യാടി എന്ന ഗുണഭോക്താവ് സമർപ്പിച്ച രേഖകൾ പ്രകാരം നാദാപുരം ഗവ.ആർസ് & സയൻസ് കോളേജിൽ ബി.കോം ഒന്നാം വർഷ വിദ്ധ്യാർത്ഥിയാണ്. സബ്സിഡി മാർഗ്ഗ രേഖ പ്രകാരം ഡിഗ്രി കോഴ്സുകൾക്ക് 20000/- രൂപയാണ് പരമാവധി സ്കോളർഷിപ്പ് അനുവദിക്കാൻ കഴിയുന്നത്. എന്നാൽ ഈ കുട്ടിയ്ക്ക് 30000/- രൂപ അനുവദിച്ചു. സ്കോളർഷിപ്പ് വിതരണം ചെയ്യുന്ന കുട്ടികളുടെ വിവരങ്ങളും കോഴ്സ് വിവരങ്ങളും അടങ്ങിയ രജിസ്റ്ററിൽ പി.ജി കോഴ്സ് പഠിക്കുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ പഞ്ചായത്ത് ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ നൽകിയതിന്റെ വിവരങ്ങളും പദ്ധതി മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 02/19-20 തീ13-12-21) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ ഗുണഭോക്തൃ വിഹിതം (10000/-) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും

ഈടാക്കേണ്ടതാണ്.

ഭാഗം -4

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 06-12-2021 മുതൽ 17-12-2021 വരെ | ഈ റിപ്പോർട്ടിനൊപ്പം പുറപ്പെടുവിച്ചു. |

## 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്കിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2018-19 | 3471082 | അംഗൻവാടി സ്മാർട്ടാക്കൽ | 1415137 | 2055945 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 800000 | MRF പൂർത്തീകരണം | 772527 | 27473 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ബ്ലോക്ക് തല പ്ലാസ്റ്റിക് റിക്കവറി കേന്ദ്രം കിണർ നിർമ്മാണം | കെ.എൽ.009041313201920 തീ.23.10.20 | 41270 | 8775 | 32495 | ബാക്കിയുള്ള തുക 2019-20 ൽ തിരിച്ചടച്ചു. |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വർഷം | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| I.A.Y ഭവന നിർമ്മാണ ലോൺ | സ.ഉ(എം.എസ്) 90/131/തസ്വഭവ തീ. 14.03.13 | 2019-20 | 0 | 1595494 | 1595494 | 1440794 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീതു നമ്പർ തീയതി |
|---|---|---|---|---|
| 2013-14<br>2014-15 | 03-1 | 21000 | ഗോപിനാഥൻ, അസി.എക്സി. എഞ്ചിനിയർ | 119030100022 Dtd 21-10-2019 |
| 2013-14<br>2014-15 | 3-3 | 8049 | ഗോപിനാഥൻ, അസി.എക്സി. എഞ്ചിനിയർ | 119030100022 Dtd 21-10-2019 |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 3-1 | 2016-17 | 4.8.1.76 | ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലാ ലംഘനം | തീർപ്പാക്കിയിട്ടില്ല |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 36091609 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40101345 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 76438 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8484614 |

ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരു ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 10000 | അബ്ദുൾ അസീസ്. എസ്, എസ്.സി.ഡി.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 66438 | ദീപ.കെ, സി.ഡി.പി.ഒ. |
| 1-13 | 10176 | പ്രജുകുമാർ.ടി, സെക്രട്ടറി |
| 1-14 | 8408000 | പ്രജുകുമാർ.ടി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നം | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം (ഓഡിറ്റ് നടക്കുന്ന സമയത്തെ) | സ്ഥിരം മേൽ വിലാസം |
|---|---|---|
| 1-10 | ദീപ.കെ, സി.ഡി.പി.ഒ, പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | മീത്തലെ കേളോത്ത് ഹൗസ്, എരമംഗലം.പി.ഒ, ബാലുശ്ശേരി |
| 1-16 | അബ്ദുൾ അസീസ്.സി, എസ്.സി.ഡി.ഒ, കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് | താഴങ്കൽ വീട്, മുയിപ്പോത്ത് പി ഒ, മേപ്പയ്യൂർ |
| 1-13 | പ്രജുകുമാർ.ടി, സെക്രട്ടറി , കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് | കോച്ചേരി തറമ്മൽ വീട്, മൊകേരി പി.ഒ, കോഴിക്കോട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(2) തീയതി. 25.5.2018 | 2 (40, 44) |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(3) തീയതി. 25.5.2018 | 6 (9, 11, 12, 15, 16, 17) |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(4) തീയതി. 25.5.2018 | 1 (3-1) |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(5) തീയതി. 25.5.2018 | 1 (3-3) |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(6)<br>തീയതി. 25.5.2018 | 6<br>(3-2, 3-3, 3-4, 3-5, 3-6, 3-8) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി7/2023/2017<br>തീയതി.27.03.2018 | 3<br>(2-1, 3-1, 3-4) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി12/1360/20<br>തീയതി. 14.07.21 | 10<br>1-12, 3-2, 3-3, 3-6(5), 3-7,<br>3-8, 3-9, 3-11, 3-12, |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി12/880/20<br>തീയതി. 16.11.21 | 1-2,1-7,1-9, 1-10, 1-13(1)(2),<br>1-15,1-17,1-18 (2),(3), 1-19 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്